| 23-01-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - എങ്ങനെയാണോ ബാബ മധുരത്തിന്റെ പർവ്വതം, അതേ പോലെ നിങ്ങൾ കുട്ടികൾക്കും മധുരമായ അച്ഛനെയും സമ്പത്തിനെയും ഓർമ്മിച്ച് വളരെയധികം മധുരമായിത്തീരണം.**

**ചോദ്യം** - നിങ്ങൾ ഇപ്പോൾ ഏതു വിധിയിലൂടെയാണ് സ്വയത്തെ സുരക്ഷിതരാക്കി തന്റെ സർവ്വതും സുരക്ഷിതമാക്കി വെക്കുന്നത്?
**ഉത്തരം** - നിങ്ങൾ പറയുന്നു ബാബാ - ഈ ദേഹസഹിതം എന്തെല്ലാം തന്നെ കക്കകളുണ്ടോ ഞങ്ങൾ തന്റേതായ സർവ്വതും അങ്ങയ്ക്ക് നൽകുന്നു. പിന്നീട് അങ്ങയിൽ നിന്നും അവിടെ(ഭാവിയിൽ) സർവ്വതും നേടുന്നു. അപ്പോൾ അത് സേഫായില്ലേ. എല്ലാം തന്നെ ബാബയുടെ ലോക്കറിൽ സുരക്ഷിതമായിരിക്കുന്നു. ഇത് ശിവബാബയുടെ സുരക്ഷിത ബാങ്കാണ്. നിങ്ങൾ ബാബയുടെ സംരക്ഷണത്തിലിരുന്ന് അമരന്മാരായിത്തീരുന്നു. നിങ്ങൾ കാലനുമേൽ വിജയം പ്രാപിക്കുന്നു. ശിവബാബയുടേതായിമാറി എങ്കിൽ സേഫായി. ബാക്കി ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥം ചെയ്യണം.

**ഓംശാന്തി.** ബാബ കുട്ടികളോട് ചോദിക്കുന്നു തന്റെ ഭാവിയിലെ പുരുഷോത്തമ മുഖത്തെ കാണുന്നുണ്ടോ? പുരുഷോത്തമ വസ്ത്രത്തെ കാണുന്നുണ്ടോ? ബുദ്ധിയിൽ വരുന്നുണ്ടോ നമ്മൾ ഭാവിയിലെ പുതിയ സത്യയുഗീ ലോകത്തിൽ ഈ ലക്ഷ്മി-നാരായണന്റെ മുഖവംശാവലിയിലേക്കു പോകുന്നു അതായത് സുഖധാമത്തിലേക്കു പോകുന്നു അർത്ഥം പുരുഷോത്തമനായിത്തീരുന്നു എന്ന്. വിദ്യാർത്ഥികൾ പഠിക്കുന്ന സമയത്ത് ബുദ്ധിയിലുണ്ടാവുമല്ലോ ഞാൻ ഇന്നാളായിത്തീരുമെന്ന്. നിങ്ങൾക്കും അറിയാം നമ്മൾ വിഷ്ണുവിന്റെ കുലത്തിലേക്കാണ് പോകുന്നതെന്ന്. കാരണം വിഷ്ണുവിന്റെ രണ്ടുരൂപമാണ് ലക്ഷ്മി-നാരായണൻ. ഇപ്പോൾ നിങ്ങളുടെ ബുദ്ധി അലൗകികമാണ് മറ്റാരുടേയും ബുദ്ധിയിൽ ഈ കാര്യത്തെക്കുറിച്ച് ചിന്തിക്കില്ല. ഇവിടെ നിങ്ങൾക്ക് അറിയാം സത്യമായ അച്ഛൻ ശിവബാബയുടെ സംഗത്തിലാണ് ഇരിക്കുന്നതെന്ന്. ഉയർന്നതിലും ഉയർന്ന ബാബയാണ് നമ്മെ പഠിപ്പിക്കുന്നത്. ബാബ അതിമധുരമാണ്. ആ അതിമധുരമായ ബാബയെ വളരെയധികം സ്നേഹത്തോടെ ഓർമ്മിക്കണം. കാരണം ബാബ പറയുന്നു, കുട്ടികൾ എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ഇത്രയ്ക്കും പുരുഷോത്തമരായിത്തീരുന്നു പിന്നെ ജ്ഞാനരത്നങ്ങൾ ധാരണ ചെയ്യുന്നതിലൂടെ നിങ്ങൾ ഭാവിയിലെ 21 ജന്മത്തേക്ക് വേണ്ടി കോടാനുകോടിപതിയായിമാറുന്നു. ബാബ വരം നൽകുകയാണ്. വരം ലഭിക്കുന്നത് മധുരമധുരമായ പ്രിയതമകൾക്കാണ് അഥവാ മധുരമധുരമായ സത്പുത്രന്മാർക്കാണ്.

മധുരമധുരമായ കുട്ടികളെക്കണ്ട് ബാബ സന്തോഷിക്കുന്നു. ബാബയ്ക്കറിയാം ഈ നാടകത്തിൽ എല്ലാവരും അവരവരുടെ പാർട്ട് അഭിനയിക്കുന്നു. പരിധിയില്ലാത്ത അച്ഛനും ഈ പരിധിയില്ലാത്ത ഡ്രാമയിൽ സമ്മുഖത്ത് പാർട്ട് അഭിനയിക്കുന്നു. മധുരമായ അച്ഛന്റെ മധുരമായ കുട്ടികൾക്ക് അതിമധുരമായ അച്ഛനെ സമ്മുഖത്ത് കാണപ്പെടുന്നു. ആത്മാവു തന്നെയാണ് ഈ ശരീരത്തിന്റെ അവയവത്തിലൂടെ പരസ്പരം കാണുന്നത്. അപ്പോൾ നിങ്ങൾ മധുരമായ കുട്ടികളാണ്. കുട്ടികൾക്ക് അറിയാം ഞാൻ കുട്ടികളെ വളരെയധികം മധുരമാക്കാനാണ് വന്നിരിക്കുന്നതെന്ന്. ഈ ലക്ഷ്മി-നാരായണൻ വളരെയധികം മധുരമാണ്. എങ്ങനെയാണോ ഇവരുടെ രാജധാനി വളരെ മധുരമുള്ളത് അതുപോലെ ഇവരുടെ പ്രജകളും വളരെയധികം മധുരമാണ്. ക്ഷേത്രത്തിലേക്കു പോകുമ്പോൾ ഇവരെ എത്ര മധുരമായാണ് കാണപ്പെടുന്നത്. ക്ഷേത്രം എപ്പോൾ തുറന്നാലാണ് ഈ മധുരമായ ദേവതകളെ ദർശിക്കാൻ സാധിക്കുക? ദർശിക്കുന്നവർ മനസ്സിലാക്കുന്നു ഇവർ മധുരമായ സ്വർഗ്ഗത്തിന്റെ അധികാരികളാണെന്ന്. ശിവന്റെ ക്ഷേത്രത്തിലും എത്രയധികം മനുഷ്യരാണ് പോകുന്നത്, കാരണം അവർ മധുരത്തിലും മധുരമാണ്. ആ മധുരമായ ശിവബാബയുടെ വളരെയധികം മഹിമ പാടുന്നുണ്ട്. നിങ്ങൾ കുട്ടികൾക്കും അതിമധുരമായിത്തീരണം. അതിമധുരമായ ബാബ നിങ്ങൾ കുട്ടികളുടെ സമ്മുഖത്താണ് ഇരിക്കുന്നത്. കാരണം ഗുപ്തമാണ്. ബാബയെപ്പോലെ മധുരം മറ്റാരും തന്നെയില്ല. ബാബ മധുരത്തിന്റെ പർവ്വതം പോലെയാണ്. മധുരമായ അച്ഛനാണ് വന്ന് കയ്പ്പേറിയ ലോകത്തെ മധുരമുള്ളതാക്കി മാറ്റുന്നത്. കുട്ടികൾക്ക് അറിയാം അതിമധുരമായ ബാബ നമ്മെ വളരെയേറെ മധുരമാക്കിയാണ് മാറ്റുന്നത്. അതായത് തനിക്കു സമാനമാക്കിയാണ് മാറ്റുന്നത്. ആര് എങ്ങനെയാണോ അതുപോലെയാക്കി മാറ്റുമല്ലോ. അപ്പോൾ ഇതുപോലെ മധുരമായിമാറുന്നതിനുവേണ്ടി മധുരമായ അച്ഛനെയും മധുരമായ സമ്പത്തിനെയും ഓർമ്മിക്കൂ.

ബാബ ഇടയ്ക്കിടെ കുട്ടികളോടായി പറയുന്നു എന്റെ മധുരമായ കുട്ടികളേ സ്വയത്തെ അശരീരിയാ

ണെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ എന്നാൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു ഓർമ്മയിലൂടെ നിങ്ങളുടെ എല്ലാ കലഹ-ക്ലേശങ്ങളും ഇല്ലാതാകുന്നു. നിങ്ങൾ സദാ ആരോഗ്യശാലിയും സദാ സമ്പന്നരായും മാറുന്നു. നിങ്ങൾ അതിമധുരമായിത്തീരും. ആത്മാവ് മധുരമായിത്തീർന്നാൽ ശരീരവും മധുരമായിത്തീരുന്നു. കുട്ടികൾക്ക് ഈ ലഹരിയുണ്ടായിരിക്കണം നമ്മൾ അതിപ്രിയങ്കരനായ ബാബയുടെ മക്കളാണെന്ന്. നമുക്ക് ബാബയുടെ ശ്രീമത്തിലൂടെ മുന്നോട്ടു പോകണം. വളരെയധികം മധുരമായ ബാബ നമ്മെ അതിമധുരമാക്കിയാണ് മാറ്റുന്നത്. ഏറ്റവും പ്രിയപ്പെട്ട ബാബ പറയുന്നു നിങ്ങളുടെ വായിൽ നിന്നും ജ്ഞാന രത്നങ്ങൾ വീഴണമെന്ന്. കടുത്ത കല്ലുപോലുള്ള ഏതൊരു വാക്കുകളും വീഴരുത്. എത്രത്തോളം മധുരമായിത്തീരുന്നുവോ അത്രത്തോളം ബാബയുടെ പേരിനെ പ്രശസ്തമാക്കുന്നു. നിങ്ങൾ കുട്ടികൾ ബാബയെ ഫോളോ ചെയ്യുകയാണെങ്കിൽ നിങ്ങളെ മറ്റെല്ലാവരും ഫോളോ ചെയ്യും.

ബാബ നിങ്ങളുടെ ടീച്ചറുമാണല്ലോ. അപ്പോൾ ടീച്ചർ തീർച്ചയായും കുട്ടികൾക്ക് പഠിപ്പ് നൽകും കുട്ടികളേ, ദിവസവും ഓർമ്മയുടെ ചാർട്ട് വെക്കൂ. എങ്ങനെയാണോ വ്യാപാരികൾ രാത്രിയിൽ കണക്കു വെക്കുന്നത്, അതുപോലെ നിങ്ങൾ വ്യാപാരികളാണ് ബാബയുമായി എത്ര വലിയ വ്യാപാരമാണ് ചെയ്യുന്നത്. എത്രത്തോളം ബാബയെ കൂടുതൽ ഓർമ്മിക്കുന്നുവോ അത്രത്തോളം ബാബയിൽ നിന്നും അളവറ്റ സുഖം ലഭിക്കുന്നു. സതോപ്രധാനമായിത്തീരുന്നു. ദിവസവും തന്റെ ഉള്ളിൽ പരിശോധന നടത്തണം. എങ്ങനെയാണോ നാരദനോട് തന്റെ മുഖത്തെ കണ്ണാടിയിൽ നോക്കാനായി പറഞ്ഞത്  ലക്ഷ്മിയെ വരിക്കാനായുള്ള യോഗ്യതയുണ്ടോ എന്ന്. നിങ്ങൾക്കും നോക്കണം നമ്മൾ അത്രയ്ക്ക് യോഗ്യരാണോ എന്ന്! ഇല്ല എങ്കിൽ എന്നിൽ എന്തെല്ലാം കുറവുണ്ട്. കാരണം നിങ്ങൾ കുട്ടികൾക്ക് സമ്പൂർണ്ണമായിത്തീരണം. ബാബ വന്നിരിക്കുന്നതു തന്നെ സമ്പൂർണ്ണമാക്കി മാറ്റുന്നതിനുവേണ്ടിയാണ്. അപ്പോൾ സത്യസന്ധതയോടെ സ്വയത്തെ പരിശോധിക്കണം - നമ്മളിൽ എന്തെല്ലാം കുറവുകളുണ്ടെന്ന്? ഏതൊരു കാരണം കൊണ്ടാണ് എനിക്ക് ഉയർന്ന പദവി നേടാൻ സാധിക്കാത്തത്. എന്നാൽ ഈ ഭൂതങ്ങളെ ഓടിക്കാനുള്ള യുക്തിയാണ് ബാബ പറഞ്ഞു തരുന്നത്. ബാബ എല്ലാ ആത്മാക്കളെയും കാണുകയാണ്. ആരുടെയെങ്കിലും കുറവിനെ കാണുകയാണെങ്കിൽ അവരുടെ ആ വിഘ്നം ഇല്ലാതാകുന്നതിനായി അവർക്ക് കറന്റ്(ശക്തി) നൽകുന്നു. എത്രത്തോളം ബാബയെ സഹായിച്ച് ബാബയുടെ മഹിമ പാടിക്കൊണ്ടിരിക്കുന്നുവോ ഈ ഭൂതം ഓടിപ്പോവുകയും ചെയ്യും നിങ്ങൾക്ക് വളരെയധികം സന്തോഷവും ഉണ്ടാകുന്നു. അതുകൊണ്ട് സ്വയത്തെ പൂർണ്ണമായും പരിശോധിക്കണം - മുഴുവൻ ദിവസവും മനസാ വാചാ കർമ്മണാ ആർക്കും ദു:ഖം നൽകിയില്ലല്ലോ? സാക്ഷിയായി തന്റെ പെരുമാറ്റത്തെ കാണണം. മറ്റുള്ളവരുടെയും പെരുമാറ്റത്തെയും നോക്കണം, പക്ഷേ ആദ്യം തന്റെ പെരുമാറ്റത്തെ നോക്കൂ. കേവലം മറ്റുള്ളവരുടെ നോക്കുകയാണെങ്കിൽ അവനവന്റെ മറന്നു പോകുന്നു. ഓരോരുത്തർക്കും സ്വയം തന്റെ സേവനം ചെയ്യണം. മറ്റുള്ളവരുടെ സേവനം ചെയ്യുക അർത്ഥം തന്റെ സേവനം ചെയ്യുന്നതു പോലെയാണ്. നിങ്ങൾ ശിവബാബയുടെ സേവനം ചെയ്യുന്നില്ലേ, ശിവബാബയും സേവനം ചെയ്യാൻ വന്നിരിക്കുകയാണ്.

നിങ്ങൾ ബ്രാഹ്മണകുട്ടികൾ ശിവബാബയുടെ ബാങ്കിൽ വളരെ സുരക്ഷയോടെയിരിക്കുന്ന വളരെ-വളരെ വിലപിടിപ്പുള്ളവരാണ്.  നിങ്ങൾ ബാബയുടെ സേഫിലിരുന്ന് അമരന്മായിത്തീരുന്നു. നിങ്ങൾ കാലനുമേൽ വിജയം പ്രാപ്തമാക്കുന്നു. ശിവബാബയുടേതായിമാറി എങ്കിൽ സേഫായിത്തീർന്നു. ബാക്കി ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ലോകത്തിൽ മനുഷ്യരുടെ അടുത്ത് ധാരാളം ധനവും സമ്പത്തുമുണ്ട്. പക്ഷേ അതെല്ലാം തന്നെ നശിക്കാൻ പോവുകയാണ്. ഒന്നും തന്നെ അവശേഷിക്കില്ല. നിങ്ങൾ കുട്ടികളുടെ അടുത്ത് ഇപ്പോൾ ഒന്നും തന്നെയില്ല. ഈ ദേഹം തന്നെ തന്റേതല്ല. ഇതും ബാബയ്ക്കു നൽകൂ. അപ്പോൾ ആരുടെ അടുത്താണോ ഒന്നും തന്നെ ഇല്ലാത്തത്, അവർക്ക് എല്ലാമുണ്ട്. നിങ്ങൾ പരിധിയില്ലാത്ത അച്ഛനുമായി വ്യാപാരം ചെയ്യുന്നതു തന്നെ ഭാവിയിലെ പുതിയ ലോകത്തിനുവേണ്ടിയാണ്. പറയുന്നു ഈ ദേഹസഹിതം എന്തെല്ലാം കക്കകളുണ്ടോ അതെല്ലാം തന്നെ താങ്കൾക്കു നൽകുന്നു. പിന്നീട് താങ്കളിൽ നിന്നും അവിടെ എല്ലാം തന്നെ എടുക്കും. അപ്പോൾ നിങ്ങൾ സേഫായില്ലേ. എല്ലാം തന്നെ ബാബയുടെ ലോക്കറിൽ സേഫായി. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ എത്ര സന്തോഷമുണ്ടായിരിക്കണം. ഇനി കുറച്ചു സമയത്തിനുള്ളിൽ തന്റെ രാജധാനിയിലേക്കു പോകും. നിങ്ങളോട് ആരു ചോദിച്ചാലും പറയൂ, ആഹാ നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്! സദാ ആരോഗ്യശാലിയും സമ്പന്നനുമായിത്തീരുന്നു. നമ്മുടെ എല്ലാ മനോകാമനകളും പൂർത്തിയാവുന്നു.

ബാബ മനസ്സിലാക്കിത്തരുന്നു - അല്ലയോ, മധുരമായ കുട്ടികളേ, ഇപ്പോൾ ദേഹിഅഭിമാനിയായിത്തീരൂ.

യോഗത്തിന്റെ ശക്തിയിലൂടെ നിങ്ങൾ ആർക്കെങ്കിലും കുറച്ചെങ്കിലും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ അവർക്ക് അമ്പു പോലെ തറയ്ക്കും. ആർക്ക് അമ്പ് ഉള്ളിൽ തറയ്ക്കുന്നുവോ അവർക്ക് ആദ്യം ലഹരി വർദ്ധിക്കുന്നു, പിന്നീട് അവർ ബാബയുടേതായിത്തീരുന്നു. ബാബയെ സ്നേഹത്തോടെ ഓർമ്മിക്കുകയാണെങ്കിൽ ബാബയ്ക്കും ആകർഷണമുണ്ടാകുന്നു. ചിലർ ഒട്ടും തന്നെ ഓർമ്മിക്കാറില്ല. ബാബയ്ക്ക് അവരോട് ദയ തോന്നാറുണ്ട് എന്നാലും പറയുന്നു കുട്ടികളേ ഉന്നതി പ്രാപിക്കൂ. ആദ്യത്തെ നമ്പറിലേക്ക് വരൂ. എത്രത്തോളം ഉയർന്ന പദവി നേടുന്നുവോ അത്രത്തോളം സമീപത്തേക്ക് വരുന്നു. അത്ര അളവറ്റ സുഖവും നേടുന്നു. പതിതപാവനൻ ഒരേയൊരു ബാബയാണ്. അതുകൊണ്ട് ഒരു ബാബയെ ഓർമ്മിക്കണം. ഒരു ബാബയെ മാത്രമല്ല അതിനോടൊപ്പം തന്നെ മധുരമായ വീടിനെയും ഓർമ്മിക്കണം. കേവലം മധുരമായ വീടിനെയുമല്ല, സമ്പത്തു വേണമല്ലോ അപ്പോൾ സ്വർഗ്ഗത്തെയും ഓർമ്മിക്കണം. തീർച്ചയായും പവിത്രമായിത്തീരണം. എത്ര കഴിയുന്നുവോ കുട്ടികൾക്ക് അന്തർമുഖിയായിരിക്കണം. കൂടുതൽ സംസാരിക്കരുത്, ശാന്തിയോടെയിരിക്കൂ. ബാബ കുട്ടികൾക്ക് ശിക്ഷണം നൽകുന്നു, മധുരമായ കുട്ടികളേ അശാന്തി വ്യാപിപ്പിക്കരുത്. തന്റെ വീടുകളിലും കുടുംബത്തിലും ഇരുന്നുകൊണ്ടും വളരെ ശാന്തിയിലിരിക്കൂ. അന്തർമുഖിയായിരിക്കൂ, വളരെ മധുരമായി സംസാരിക്കൂ. ആർക്കും തന്നെ ദു:ഖം നൽകരുത്. ക്രോധിക്കരുത്. ക്രോധത്തിന്റെ ഭൂതമുണ്ടെങ്കിൽ ഓർമ്മയിലിരിക്കാൻ സാധിക്കുകയില്ല. ബാബ എത്ര മധുരമാണ് അതുകൊണ്ടാണ് കുട്ടികൾക്കും മനസ്സിലാക്കി തരുന്നത്. ബുദ്ധിയെ അലയിക്കരുത്. ബഹിർമുഖിയാകരുത്. അന്തർമുഖിയാകൂ.

ബാബ എത്ര സ്നേഹിയും പരിശുദ്ധവുമാണ്. നിങ്ങൾ കുട്ടികളെയും തനിക്കു സമാനം പരിശുദ്ധമാക്കി മാറ്റുന്നു. നിങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം അളവറ്റ സ്നേഹിയായിത്തീരുന്നു. ദേവതകൾ എത്ര സ്നേഹിയാണ്. ഇപ്പോഴും അവരുടെ ജഡചിത്രങ്ങൾ വെച്ച് പൂജിച്ചുകൊണ്ടിരിക്കുന്നുണ്ട്. അപ്പോൾ ബാബ പറയുന്നു കുട്ടികളെ നിങ്ങൾക്ക് വീണ്ടും അതുപോലെ സ്നേഹിയായിത്തീരണം. ഏതൊരു ദേഹധാരിയെയും ഏതൊരു വസ്തുവിനെയും അവസാനം ഓർമ്മ വരരുത്. ഇത്രയ്ക്കും സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം, ഇരുന്നിരുന്ന് സ്നേഹത്തിന്റെ കണ്ണുനീർ പൊഴിക്കണം. ബാബാ, അല്ലയോ മധുരമായ ബാബാ, അങ്ങിൽ നിന്നും ഞങ്ങൾക്ക് സർവ്വതും ലഭിച്ചു കഴിഞ്ഞു. ബാബാ, അങ്ങ് ഞങ്ങളെ എത്ര സ്നേഹിയാക്കിത്തീർക്കുന്നു. ആത്മാവാണല്ലോ സ്നേഹിയായിത്തീരുന്നത്. എങ്ങനെയാണോ ബാബ വളരെ സ്നേഹിയും പരിശുദ്ധവും അതുപോലെ വളരെയധികം പവിത്രമായിത്തീരണം. വളരെയധികം സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. ബാബാ അങ്ങല്ലാതെ ഞങ്ങളുടെ മുന്നിൽ മറ്റാരും തന്നെ വരില്ല. ബാബയെപ്പോലെ സ്നേഹി മറ്റാരും തന്നെയില്ല. ഓരോരുത്തരും ആ പ്രിയതമന്റെ പ്രിയതമയാണ്. അപ്പോൾ ആ പ്രിയതമനെ വളരെ നന്നായി ഓർമ്മിക്കണം. ബാബ പറയാറുണ്ട് ലൗകിക പ്രിയതമനും പ്രിയതമയും ഒരുമിച്ചിരിക്കുന്നില്ല പക്ഷേ ഒറ്റ പ്രാവശ്യം കണ്ടാൽ മതി. അപ്പോൾ ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ എന്നാൽ ദു:ഖത്തിന്റെ തോണി അക്കര കടക്കുന്നു. ഏതൊരു മധുരമായ അച്ഛനിലൂടെയാണോ നമ്മൾ വജ്രസമാനമായിത്തീരുന്നത് ആ മധുരമായ അച്ഛനോട് നമുക്ക് എത്ര സ്നേഹമാണ്. വളരെയധികം പ്രേമത്തോടെ ബാബയെ ഓർമ്മിച്ച് ഉള്ളിൽ രോമാഞ്ചം കൊള്ളണം. എന്തെല്ലാം കുറവുകളുണ്ടോ അതിനെ ഇല്ലാതാക്കി പരിശുദ്ധമായ വജ്രമായിത്തീരണം. അഥവാ കുറച്ചെങ്കിലും കുറവുണ്ടെങ്കിൽ വില കുറഞ്ഞുപോകും. സ്വയത്തെ വളരെയധികം വിലപ്പെട്ട വജ്രമാക്കിമാറ്റണം. ബാബയെ ഓർമ്മിക്കാതിരിക്കാൻ സാധിക്കരുത്. മറന്നു പോകരുത് പകരം വീണ്ടും ഓർമ്മ വന്നുകൊണ്ടിരിക്കണം. ബാബ–ബാബാ എന്നു പറഞ്ഞ് വളരെയധികം ശീതളമായിത്തീരണം. ബാബയിൽ നിന്നും എത്ര ഉയർന്ന സമ്പത്താണ് ലഭിക്കുന്നത്.

നിങ്ങൾ കുട്ടികൾ ഇപ്പോൾ തന്റെ ദൈവീക രാജധാനി സ്ഥാപിക്കുകയാണ്. എല്ലാവരും പുരുഷാർത്ഥം ചെയ്യുന്നുണ്ട്. ആരാണോ കൂടുതൽ പുരുഷാർത്ഥം ചെയ്യുന്നത് അവർ കൂടുതൽ സമ്മാനം നേടുന്നു. ഇത് നിയമമാണ്. രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. ഇതിനെ ദൈവീക രാജധാനി എന്നു പറയാം അല്ലെങ്കിൽ പൂന്തോട്ടമെന്നു പറയാം. പൂന്തോട്ടത്തിലും പുഷ്പങ്ങൾ നമ്പർവൈസായിരിക്കും. ചിലർ വളരെയധികം ഫസ്റ്റ് ക്ലാസ്സായ ഫലങ്ങൾ നൽകുന്നു. ചിലർ ചെറിയ ഫലങ്ങൾ നൽകുന്നു. ഇവിടെയും അങ്ങനെത്തന്നെയാണ്. കല്പം മുമ്പത്തേതുപോലെ മധുരമായും മാറുന്നുണ്ട്, സുഗന്ധമുള്ളതായിത്തീരുന്നുമുണ്ട് – നമ്പർവൈസായ പുരുഷാർത്ഥമനുസരിച്ച്. പലവിധത്തിലുള്ള പുഷ്പമാണ്. കുട്ടികൾക്ക് ഈ നിശ്ചയമുണ്ട് പരിധിയില്ലാത്ത അച്ഛനിലൂടെ നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരികളായിത്തീരുന്നു. സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരാൻ വളരെ സന്തോഷമുണ്ടാവുന്നു. ബാബ കുട്ടികളെ കാണുകയാണ്. വീടിനുമേൽ ഉടമസ്ഥന്റെ നോട്ടമുണ്ടാകുമല്ലോ. ഇവരിൽ ഏതെല്ലാം ഗുണങ്ങളുണ്ടെന്ന് നോക്കും. ഏതെല്ലാം അവഗുണങ്ങളുണ്ട്. കുട്ടികൾക്കും അറിയാം അതുകൊണ്ടാണ് ബാബ പറയുന്നത് അവന

വന്റെ കുറവുകളെ സ്വയം തന്നെ എഴുതി കൊണ്ടുവരൂ എന്ന്. ആരും സമ്പൂർണ്ണരായിട്ടില്ല, പക്ഷേ ആയിത്തീരണം. കല്പകല്പമായിത്തീർന്നിട്ടുണ്ട്. ബാബ മനസ്സിലാക്കി തരുന്നു കുറവ് മുഖ്യമായും ഉള്ളത് മുഴുവനും ദേഹാഭിമാനത്തിന്റേതാണ്. ദേഹാഭിമാനം വളരെയധികം ബുദ്ധിമുട്ടിക്കുന്നു. അവസ്ഥയെ മുന്നേറാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് ഈ ദേഹത്തെക്കൂടി മറക്കണം. ഈ പഴയ ദേഹത്തെ ഉപേക്ഷിക്കണം. ദൈവീക ഗുണങ്ങളും ഇവിടെ നിന്നു തന്നെ ധാരണചെയ്തു പോകണം. പോകണമെങ്കിൽ ഏതൊരു കറയും പാടില്ല. നിങ്ങൾക്ക് വജ്രസമാനമായിത്തീരണമല്ലോ. എന്തെല്ലാം കുറവുകളുണ്ടെന്ന് അറിയാമല്ലോ. മറ്റുള്ള സാധാരണ വജ്രങ്ങളിലും കറയുണ്ടാവും പക്ഷേ അതിൽ നിന്നും കറയെ ഇല്ലാതാക്കാൻ സാധിക്കില്ല കാരണം ജഡമല്ലേ. അതിനെ പിന്നെ മുറിക്കേണ്ടതായി വരും. നിങ്ങൾ ചൈതന്യമായ വജ്രങ്ങളാണ്. അപ്പോൾ എന്തെല്ലാം കറകളുണ്ടോ അതിനെയെല്ലാം ഇല്ലാതാക്കി അവസാനമാകുമ്പോഴേക്കും കറയറ്റവജ്രമാക്കി മാറ്റണം. അഥവാ കറയെ ഇല്ലാതാക്കിയില്ലെങ്കിൽ വില കുറയുന്നു. നിങ്ങൾ ചൈതന്യമായതുകൊണ്ട് കറയെ ഇല്ലാതാക്കാൻ സാധിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. എത്ര കഴിയുന്നുവോ അന്തർമുഖിയായി ശാന്തമായിരിക്കണം. കൂടുതൽ സംസാരിക്കരുത്. അശാന്തി വ്യാപിക്കരുത്. വളരെയധികം മധുരമായി സംസാരിക്കണം. ആർക്കും ദു:ഖം നൽകരുത്. ക്രോധിക്കരുത്. ബഹിർമുഖിയായി ബുദ്ധിയെ അലയിക്കരുത്.

2. സമ്പൂർണ്ണമായിത്തീരുന്നതിനു വേണ്ടി സത്യസന്ധതയോടെ സ്വയത്തിൽ പരിശോധിക്കണം നമ്മളിൽ എന്തെല്ലാം കുറവുകളുണ്ട്. സാക്ഷിയായി തന്റെ പെരുമാറ്റത്തെ പരിശോധിക്കണം. ഭൂതങ്ങളെ ഓടിക്കാനുള്ള യുക്തി രചിക്കണം.

## വരദാനം:- പ്രകൃതിയിലൂടെ വരുന്ന പരിസ്ഥിതികൾക്കുമേൽ വിജയം പ്രാപ്തമാക്കുന്നവരായ പുരുഷോത്തമ ആത്മാവായി ഭവിക്കട്ടെ.

ബ്രാഹ്മണാത്മാക്കൾ പുരുഷോത്തമ ആത്മാക്കളാണ്. പ്രകൃതി പുരുഷോത്തമ ആത്മാക്കളുടെ ദാസിയാണ്. പുരുഷോത്തമാത്മാവിനെ പ്രകൃതിക്ക് പ്രഭാവിതരാക്കാൻ സാധ്യമല്ല. അതിനാൽ പരിശോധിക്കൂ, പ്രകൃതിയുടെ ചഞ്ചലതകൾ അതിന് നേരെ ആകർഷിതരാക്കുന്നില്ലല്ലോ? പ്രകൃതി സാധനങ്ങളുടെയും രക്ഷയുടെയും രൂപത്തിൽ പ്രഭാവിതരാക്കുന്നില്ലല്ലോ? യോഗി അഥവാ പ്രയോഗീ ആത്മാക്കളുടെ സാധനക്ക് മുന്നിൽ സാധനങ്ങൾ സ്വതവേ വരുന്നു. സാധനങ്ങൾ തപസ്യക്ക് ആധാരമാകരുത്, മറിച്ച് തപസ്യ സാധനങ്ങളെ ആധാരമാക്കി മാറ്റുന്നു.

## സ്ലോഗൻ:- ജ്ഞാനത്തിന്റെ അർത്ഥമാണ് അനുഭവം ചെയ്യുക ഒപ്പം മറ്റുള്ളവരെ അനുഭവിയാക്കുക.

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താസ്ഥിതിയുടെ അനുഭവം ചെയ്യൂ.**
സദാ സ്വയത്തെ ഡബിൾ ലൈറ്റാണെന്ന് മനസ്സിലാക്കി സേവനം ചെയ്തുകൊണ്ടേ പോകൂ. സേവനത്തിൽ എത്രയും ഭാരരഹിതമാകുന്നുവോ അത്രയും സഹജമായി പറക്കാം, പറപ്പിക്കുകയും ചെയ്യാം. ഡബിൾ ലൈറ്റായി സേവനം ചെയ്യുക, ഓർമ്മയിലിരുന്ന് സേവനം ചെയ്യുക ഇത് തന്നെയാണ് സഫലതക്കുള്ള ആധാരം. എത്രതന്നെ ശബ്ദമുഖരിതവും എത്രതന്നെ തമോഗുണീ വായുമണ്ഡലമാണെങ്കിലും സൈലൻസിന്റെ ശക്തിയിലൂടെ വ്യർത്ഥം സമാപ്തമാകുന്നത് കാരണം ശ്രേഷ്ഠ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിലൂടെ സദാ വിശ്രമത്തിന്റെ അനുഭവം ചെയ്യാൻ സാധിക്കും.